# രാജസൂയം

# RAJASOOYAM

₹25 | ഡിസംബർ 2016 - ഫെബ്രുവരി 2017



▲ പ്രൊഫ. കെ.പി. ശങ്കരൻ ▲ എം.കെ. ഹരികുമാർ ▲ പ്രൊഫ. ടോണി മാത്യു ▲ ഡോ. റഷീദ് പാനൂർ
▲ പി. രാമൻ ▲ ഈ.ഡി. ഡേവീസ് ▲ വർഗീസാന്റേണി ▲ വി.പി. ജോൺസ് ▲ അഗസ്റ്റിൻ കുട്ടനെല്ലൂർ
▲ കെ.ആർ. ഇന്ദിര ▲ കെ.പി. ആന്റണി ▲ ഡോ. അഞ്ജു ട്രീസ ആൻഡ്രൂസ് ▲ ഉമയനല്ലൂർ വിക്രമൻനായർ
▲ സ്വാമി വിശ്വഭദ്രാനന്ദ ശക്തിബോധി

അഭിമുഖം : ഓംചേരി എൻ.എൻ പിള്ള/ചന്ദ്രിക ബാലകൃഷ്ണൻ

ജെ. ആർ. പ്രസാദ് : മാതൃഭൂമിയിലെ ആദ്യനാളുകൾ ▲ പ്രൊഫ. സി. രവീന്ദ്രനാഥ് : ബാല്യകാല സ്മരണകൾ

കഥ

**ശിവദാസൻ.എ.കെ.**




# എ.ടി.എം. കാവൽക്കാരൻ

ഇരുട്ടിലപ്പടി മിന്നാമിനുങ്ങുകളായിരുന്നു.

കറുപ്പിനു കണ്ണുവച്ചതുപോലെ അവ അങ്ങോട്ടുമിങ്ങോട്ടും തുറിച്ചു നോക്കികൊണ്ടിരുന്നു. അപ്പോൾ തെരുവുതുടങ്ങുന്നിടത്ത് നിലംപറ്റെയൊരു വെളിച്ചം വലിയ ഒരു മിന്നാമിന്നിയെപ്പോലെ തിളങ്ങാൻ തുടങ്ങി.

അത് അടുത്തടുത്ത് വരുന്നത് കേശവൻനായർ കണ്ടു.

"ആരാ വാസ്വേട്ടനാ?"

മുഖമില്ലാത്തൊരു സ്വരം ഇരുട്ടിൽ നിന്ന് പൊട്ടി വീണു.

" വാസ്വോ, അല്ലല്ലോ."

"ഏയ് ഇവിടെ കാവല് വാസ്വേട്ടനാണെന്നാണല്ലോ കേട്ടത്". സ്വരത്തിൽ നിരാശ നിറയുന്നു

എ.ടി.എം. കൗണ്ടറിനു മുമ്പിൽ അഹങ്കാരത്തോടെ കത്തിനിന്ന ഒരു എൽ.ഇ.ഡി. വിളക്കിന്റെ പ്രകാശത്തിലേക്ക് വന്നയാൾ മെല്ലെ കയറി നിന്നു.

അയാളെ കേശവൻനായർ കൗതുകത്തോടെ നോക്കി.

മുണ്ടും ഷർട്ടും വേഷം. തോളിലൊരു ചെറിയ സഞ്ചി. ചെറുപ്പക്കാരനാണ്. കുറെ നടന്ന് തള്ളിയതിന് തെളിവായി നെറ്റിയിൽ ഊറിക്കൂടിയ വിയർപ്പ് തുള്ളികൾ.

"ആരാ, എവിടുന്നാ?"

"ചിറങ്ങാട് നിന്നാണ്. വാസ്വേട്ടനെ അന്വേഷിച്ച് വരാണ്"

"ഈ രാത്രിലോ, വാസു ഇവിടുണ്ടെന്ന് ആരാ പറഞ്ഞേ?"

"അതോ, അതൊരു കഥ്യാണ്. ആ പഞ്ചായത്തില് ഹർത്താലില്ല. ഇദ്ദൊക്കെ ആരറിയാനാണ്. അതിർത്തീലെത്തീപ്പൊ അവിടെ നിർത്തി ബസ്സ്. അവിടുന്ന് വാസ്വേട്ടൻ താമസിക്കണോടത്തേക്ക് മൂന്ന് കിലോമീറ്ററെ ഉള്ളൂ. നടന്ന് പോയി. ന്തായാലും വന്നതല്ലേ ന്ന് കരുതി. വീട്ടിലേക്ക് ഒന്നും പോയില്ല. അവ്ടെ കവലേല് നിൽക്കണ രണ്ട് ചെറുപ്പക്കാരാ പറഞ്ഞത് ഇവിടുണ്ടാവൂന്ന്. തിരിച്ചും നടപ്പു തന്നെ. പിന്നിങ്ങോട്ട് ഒരു വണ്ടീം കിട്ടീല്ല്യ."

"ഈ പഞ്ചായത്തില് ഹർത്താലില്ല അതാ എ.ടി.എം. തുറന്ന് വച്ചേക്കണെ." കേശവൻനായർ പറഞ്ഞു.

"വാസു ഇപ്പിവിടില്ല. അയാള് മരിച്ചിട്ട് മൂന്നു മാസായിണ്ട്. ആ ഒഴിവിലാ ഞാൻ വന്ന് കൂടീത്".

"അപ്പ, ആ പിള്ളാര് പറഞ്ഞു പറ്റിച്ചല്ലോ."

"പറ്റിച്ചതൊന്നാവൂല്ല്യ. ആരാ ഇപ്പ ഇദ്ദൊക്കെ അറിയണത്. ചെലപ്പൊരു ഫ്ളക്സ് വയ്ക്കും. അത്രയ്ക്കു തന്നെ. ഇപ്പ ന്നിക്കിത്ര വയസ്സായീല്ലെ. ഞാനങ്ങട് തീർന്നുന്ന് വയ്ക്കാ. ആരറിയൂന്നാ. മ്മടെ കൊറേ ബന്ധക്കാര്. അല്ലാണ്ടെന്താ?"

"എന്തിനാ വാസൂനെ അന്വേഷിക്കണെ?"

"ഇനിയിപ്പോ പറഞ്ഞിട്ട് കാര്യല്ല്യാ. വീട്ടില് ഒരു കുളം കുഴിക്കണെംന്ന്ണ്ട്. അതിന് പണിക്കായിട്ടാ.

"വാസു അപ്പണ്യൊക്കെ എന്നേ നിർത്ത്യാരുന്നു. അതിനിപ്പോ ആരാ കൊളം കുഴിക്കണത്. എല്ലാം കുഴൽക്കിണറല്ലേ. പിന്നെ കുഴിക്കണെംന്നാണെങ്കീ ഒരു ജെ.സി.ബി വിളിച്ച് മാന്തിച്ചാ പോരെ. കൊളാവില്ലേ?" കേശവൻനായർ ശബ്ദമുണ്ടാക്കാതെ ചിരിച്ചു.

"അത് പററില്യാന്ന് അച്ഛന് നിർബന്ധം. വാസ്വേട്ടനുമായിട്ട് പണ്ടു കാലത്തെ പരിചയമാണ്. ലക്ഷണൊത്തൊരു കുളം തൊടിക്കൈശ്വര്യാന്നാ അച്ഛൻ പറയണെ. പഴയ ആൾക്കാരല്ലേ. അറിയണ ആളൊന്ന് വന്ന് നിന്നാ മതീ. പണിയൊക്കെ ഹിന്ദിക്കാര് ചെയ്തോളും. ഇനിയിപ്പോ ആരെ അന്വേഷിക്കാനാ. ജെ.സി.ബി. തന്നെ ശരണം"

"ഈ തിണ്ണേലിക്ക് ഇരുന്നോളൂ"

വന്നയാൾ തിണ്ണയിലേക്ക് ഇരുന്നു. മുനിഞ്ഞു കത്തുന്ന ബൾബിന്റെ വെളിച്ചത്തിൽ അയാൾ ഒന്നുകൂടി വ്യക്തമായി കാണപ്പെട്ടു. എ.ടി.എം. കൗണ്ടറിലെ പ്രകാശത്തിൽ നിന്ന് വളർന്നുപോയ നിഴലുകൾ തെരുവിലെ കനത്ത ഇരുട്ടിലേക്ക് അലിഞ്ഞു ചേർന്നു.

"തിരിച്ചു പോവ്വാൻ ബസ്സൊന്നും ഉണ്ടാവില്യാല്ലേ?"

"ഇത് നല്ല തമാശ. രാത്രി പതിനൊന്ന് മണിക്കാ ബസ്സ്."

"അപ്പുറത്ത് ഹർത്താലായോണ്ടാ. അല്ലെങ്കീ ഓട്ടോറിക്ഷോള് ധാരാളം കാണാറ്ണ്ട്. ന്തായാലും ഏതെങ്കിലും ഒന്ന് വരാണ്ടിരിക്കില്ല."

"വലിയ്ക്കോ?' വന്നയാൾ ഒരു സിഗരറ്റെടുത്ത് നീട്ടി.

"അങ്ങനെ പതിവില്യ. പിന്നെ വല്ലപ്പോഴും."

അയാൾ കൊളുത്തിയ സിഗരറ്റിൽനിന്നും കേശവൻനായർ തീ പറ്റിച്ചെടുത്തു. സിഗരറ്റ് ഒന്നാഞ്ഞുവലിച്ചു. കനൽ വെളിച്ചത്തിൽ അയാളുടെ വാടിയ മുഖം ഒന്നുകൂടെ തെളിഞ്ഞു. പുക നെഞ്ചിൽ കെട്ടിയെന്നോണം പിന്നെ ആഞ്ഞു ചുമച്ചു.

"ഞാൻ പറഞ്ഞില്ലെ പതിവില്യാത്തോണ്ടാ."

"ടൗണീ ചെന്നാ എങ്ങിന്യാ പോവ്വാ?"

"ഓട്ടോ തന്നെ ശരണം."

അലക്ഷ്യമായ പുകച്ചുരുളുകൾക്കിടയിൽ അയാളുടെ മുഖവും പുകയാൻ തുടങ്ങി. ഒരു ദിവസം നഷ്ടപ്പെട്ടതിലുള്ള വ്യഥ അവിടെ മാറാതെ തങ്ങിനിൽക്കുന്നതു പോലെ.

"പേര് പറഞ്ഞില്ലല്ലോ?"

"സേതൂന്നാ"

"ന്താ, ചെയ്യണെ?"

"കുറെക്കാലം ഗൾഫിലായിരുന്നു. ഇപ്പ കൃഷിയൊക്കെയായിട്ട് കൂടീരിക്കാ."

"ആ, കൃഷി ചെയ്യണോരെ കാണണോങ്കി സുകൃതം ചെയ്യണം. ഗൾഫീ പോയിട്ട് വന്നിട്ട് ബിസിനസ്സൊന്നും വേണ്ടാന്ന് വച്ചേന്താ?"

"ഒക്കേനും ഒരു വശം വേണ്ടേ, കൃഷ്യാവുമ്പോ നാട്ടാര് പറ്റിക്കില്യാലോ "

അകലെ നിന്നൊരു വെളിച്ചം അടുത്തു വരാൻ തുടങ്ങി.

"ഓട്ടോയാ. കൈ കാണിച്ചോ."

ആരെയും ശ്രദ്ധിക്കാതെയെന്നോണം ഓട്ടോ കടന്നുപോയി. റോഡരികിലേക്ക് പതുങ്ങിപ്പോയ ഇരുട്ട് വീണ്ടും തിരികെ വന്നു.

"ആൾക്കാര്ണ്ടാവും അതാ നിർത്താത്തത്"

സേതു വീണ്ടും തിണ്ണയിലേക്കിരുന്നു.

"വീട്ടില് ആരൊക്കേണ്ട്? "

"ആർക്ക്, ന്നിക്കോ?" കേശവൻനായർ ഒന്ന് നിർത്തി.

"ഒര് മകന് ണ്ടേർന്ന്. യൂണിയൻ പണിയാർന്ന്. ക്യാൻസറ് വന്ന് മരിച്ചു പോയി".

വാക്കുകൾ മുറിഞ്ഞു. അയാളുടെ മുഖത്തെ ഭാവഭേദങ്ങൾ ഇരുട്ട് ഒളിപ്പിക്കുന്നുണ്ടായിരുന്നു.

"അവന്റെ പെണ്ണും. രണ്ട് പ്രായാവാത്ത പിള്ളാരും പിന്നെ എന്റെ വയ്യാത്ത പെണ്ണുമ്പിള്ളേം."

"വയസ്സായാ പിന്നെ വിശ്രമജീവിതംന്ന് പറയാറില്ലെ. അതൊക്കെ എല്ലാർക്കും പറഞ്ഞിട്ടൊള്ളതല്ല. ഞാനൊക്കെ മരിച്ചാലും വിശ്രമം കിട്ടൂന്ന് തോന്നണില്ല."

കേശവൻ നായർ ഒരു തമാശ പറഞ്ഞപോലെ ഉറക്കെ ചിരിച്ചു.

"ഇവിടിങ്ങനെ ഒറ്റയ്ക്ക് നിൽക്കാൻ പേടീല്ലെ."

"ആരെ പേടി. പ്രേതങ്ങള്യോ, അതോ മനുഷ്യന്യോ, പിന്നെ മൃഗങ്ങളെ ന്തായാലും പേടിക്കണം. എപ്പഴാ തെണ്ടിപ്പട്ട്യോള് ഓടി വന്ന് കടിക്കാന്നറിയില്ല. അത്രയ്ക്കധികമാണ്. പ്രേതത്തിന്റെ കാര്യാണെങ്കി വെട്ടോം വെളിച്ചോം വന്നപ്പോ അവരൊക്കെ പോയില്ലേ. അല്ലെങ്കിലും പ്രേതത്തിനെ കണ്ടവരില്ല. കണ്ടോരെ കണ്ടവരെ

ഉള്ളൂ. പിന്നെ കള്ളൻമാര്. ഇപ്പോ കള്ളൻമാരില്ലല്ലോ ഗുണ്ടകളല്ലെ. ഗുണ്ടകള്".

അയാൾ പറഞ്ഞത് ശരി വച്ചതു പോലെ സേതു മൂകമായി തലയാട്ടി.

"ന്തേലും തൂവാല്യോ മറ്റോ തലേലിട്ടോ മഞ്ഞുണ്ട്."

ഇരുട്ടിലേക്ക് നേരിയ തണുപ്പ് അരിച്ചരിച്ചു വന്നു.

കേശവൻനായർ പറഞ്ഞു കൊണ്ടേയിരുന്നു. "എ.ടി.എമ്മിന് അലാറോം, മുറീല് ക്യാമറേം ഒക്കെ ഉണ്ട്. ന്നാലും കൊള്ളാവുന്ന കള്ളൻമാർക്ക് അതൊന്നും ഒരു പ്രശ്നമല്ല. ഒരു കൊച്ചു കുട്ടീനെ നേരിടാനൊള്ള ആരോഗ്യം പോലും ന്നിക്കില്ല. ഒരു പക്ഷേ കള്ളൻമാർക്ക് ദയ തോന്നീട്ടാവും. ഈ വയസ്സനങ്ങനേങ്കിലും പെഴച്ചു പൊക്കോട്ടേന്ന്."

ദൂരയെവിടെയോ മരച്ചില്ലകളിൽ രാക്കിളികൾ വിശന്നു കരഞ്ഞു. മഞ്ഞേറ്റു മരവിച്ചു പോയൊരു പിശറൻ കാറ്റ് അവർക്കിടയിലൂടെ മൗനമായി കടന്ന് പോയി.

"ചെലപ്പ തോന്നും മനുഷ്യന് ഒരു വെലേം ഇല്ലാന്ന്. ചെലപ്പ തോന്നും മനുഷ്യന്റെ നെഴലിനു പോലും ഒരു വേലേണ്ടെന്ന്. അല്ലെങ്കീ, എന്നെ ആരെങ്കിലുമിവിടെ കാവലിന് നിർത്ത്വോ?"

സേതു മൊബൈൽഫോണിൽ ആരോടൊ സംസാരിച്ചുകൊണ്ടിരുന്നു. വീണ്ടുമൊരു വാഹനത്തിന്റെ വെളിച്ചം നിരത്തിനെ നഗ്നമാക്കിക്കൊണ്ട് പരന്നു.

കേശവൻനായർ രണ്ടടി മുന്നോട്ടിറങ്ങി നോക്കി.

"ഓട്ടോയാണെന്ന് തോന്നുന്നു. കൈ കാണിക്കാം".

"ദാ ഓട്ടോ നിർത്തി, ഇയാള് കേറണില്ലെ? "

കേശവൻനായർ തിരിഞ്ഞു നോക്കി.

സേതു ഇരുന്നിടം ശൂന്യം. അയാളമ്പരന്ന് അങ്ങുമിങ്ങും നോക്കി.

നിറുത്തിയിട്ട ഓട്ടോറിക്ഷയിൽ നിന്ന് ആരൊക്കെയോ ഇറങ്ങുന്നു.

അജ്ഞാതമായ രൂപങ്ങൾ. ഇരുട്ടിൽ മുഖം വ്യക്തമാകുന്നില്ല.

അല്ല. മുഖങ്ങളേ ഇല്ല. എല്ലാം മുഖംമൂടികളാണ്. കറുപ്പു വസ്ത്രം ധരിച്ച മുഖം മൂടികൾ.

ഊക്കനൊരു തള്ളേറ്റ് അയാളെവിയെടോ തലയടിച്ച് വീണു.

കണ്ണിലേക്ക് തെരുവിലെ ഇരുട്ട് പാഞ്ഞു കയറുന്നു.

കഴുത്തിൽ വിരലുകൾ മുറുകന്നത് പോലെ. ദുർബ്ബലമായൊരു നിലവിളി തൊണ്ടയിൽനിന്ന് പുറത്തേക്ക് ചാടി.

"കേശവൻനായരെ, കേശവൻ നായരെ." ആരോ കുലുക്കി വിളിക്കുന്നു.

കേശവൻനായർ ഞെട്ടി എണീറ്റു.

താനെവിടെയാണ്. തന്നെ ആക്രമിച്ചവരെവിടെ. സേതു എവിടെ?

തന്നെ വിളിച്ചയാളെ അയാൾ തിരിച്ചറിഞ്ഞു.

ലോനയാണ്. എ.ടി.എം. കൗണ്ടറിനടുത്ത് പലചരക്കു കട നടത്തുന്ന ലോന.

ലോന സൗമ്യമായി ചോദിക്കുന്നു.

"ചേട്ടനെന്തേലും കണ്ട് പേടിച്ചോ?"

കേശവൻനായർ തെരുവിലേക്കു നോക്കി. തെരുവ് അങ്ങനെത്തന്നെയുണ്ട്. മിന്നാമിന്നികളുടെ സംഘനൃത്തം. കണ്ണടച്ചു നിൽക്കുന്ന വഴിവിളക്കുകൾ. മുനിഞ്ഞു കത്തുന്ന എൽ.ഇ.ഡി. യുടെ വെളിച്ചം. എല്ലാം അങ്ങനെത്തന്നെ. ■

# സ്ത്രീയും പുരുഷനും

പുരുഷനോളം തന്നെ
സ്ത്രീയും ധീരയാണ്.
അവന്റെയോ അവളുടെയോ വഴിക്കു
രണ്ടുപേരും ഒരു പോലെ നല്ലവരാണ്.
സ്ത്രീയെപ്പോലെ ഇത്ര ക്ഷമയോടും
സഹനശക്തിയോടും പ്രേമത്തോടും
കൂടി ശിശുവിനെ വളർത്തിയെടുക്കാൻ
ഏതുപുരുഷനു കഴിയും?

*സ്വാമി വിവേകാനന്ദൻ*

